(സി) കഴിഞ്ഞവർഷം അനുവദിച്ച തുകയിൽ എന്തു തുക ഇനിയും ബാക്കിയുണ്ടെന്ന് അറിയിക്കുമോ;

(ഡി) ഈ പോളിടെക്നിക് പണിതുയർത്തുന്നതിന് ആവശ്യമായഫണ്ട് അടിയന്തിരമായി നൽകാൻ തയ്യാറാകുമോ?

ഉത്തരം

(എ) കായംകുളം വനിതാ പോളിടെക്നിക് നിലവിൽ വന്നതിനു ശേഷം ഇതുവരെ 4.65 കോടി രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്.

(ബി) കായംകുളം വനിതാ പോളിടെക്നിക്കിനും കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്കിനും കൂടി സ്ഥലം വാങ്ങാൻ ഈ വർഷത്തെ ബഡ്ജറ്റിൽ 2.9 കോടി രൂപയും കായംകുളം വനിതാ പോളിടെക്നിക്കിന് കെട്ടിടം നിർമ്മിക്കാനായി 1.5 കോടി രൂപയും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ വർഷം 150 ലക്ഷംരൂപം സ്ഥലമെടുപ്പിനായി ചെലവഴിച്ചിട്ടുണ്ട്. ഇനി തുക ബാക്കിയില്ല.

(ഡി) കായംകുളം വനിതാ പോളിടെക്നിക് കെട്ടിടം പണിതുയർത്തുന്നതിന് 1.5 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

16 (3342) പുതുതായി വാങ്ങുന്ന കാറുകൾ

ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ പുതിയതായി എത്ര കാറുകളാണ് വാങ്ങാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇവയ്ക്ക് ആകെ എത്ര വിലവരുമെന്ന് അറിയിക്കുമോ;

(സി) ഈ കാറുകൾ ഏതെല്ലാം വകുപ്പിനുവേണ്ടിയാണ് വാങ്ങുന്നത്;

(ഡി) മന്ത്രിമാർ ഉപയോഗിക്കുന്ന കാറുകളുടെ ഇന്ധനം ആരുടെ ചെലവിലാണ് വരുന്നത് എന്നറിയിക്കുമോ?

ഉത്തരം

(എ) പുതുതായി '15' കാറുകൾ വാങ്ങുവാൻ ഉത്തരവായിട്ടുണ്ട്.

(ബി) ഇവയ്ക്ക് ആകെ 82.76 ലക്ഷം രൂപ വില വരും.

(സി) ഈ കാറുകൾ ടൂറിസം വകുപ്പിന് വേണ്ടിയാണ് വാങ്ങുന്നത്.

(ഡി) മന്ത്രിമാർ ഉപയോഗിക്കുന്ന കാറുകളുടെ ഇന്ധനച്ചെലവ് മന്ത്രിമാർ തന്നെയാണ് വഹിക്കുന്നത്.

17 (3343) മന്ത്രിമാർക്കും ചീഫ് സെക്രട്ടറിക്കുംവേണ്ടി വാങ്ങിയ വാഹനങ്ങൾ

ശ്രീ. ടി.എം. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) 1999 ജൂൺ 1 മുതൽ ജൂലൈ 7 വരെയുള്ള തീയതികളിൽ മന്ത്രി മാരുടെയും ചീഫ് സെക്രട്ടറിയുടെയും ഉപയോഗത്തിനായി എത്ര വാഹന ങ്ങൾ വാങ്ങിയിട്ടുണ്ട്;

(ബി) ഇതിൽ മിറ്റ്സുബിഷിലാൻസർ, ഫോർഡ് എസ്കോർട്ട്, ഓപ്പൽ ആസ്ട്ര, ബെൻസ്, ഫിയറ്റ്, അംബാസിഡർ തുടങ്ങിയവ എത്രവീതമാണ് വാങ്ങിയിട്ടുള്ളത്;

(സി) ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) ഈ തീരുമാനം റദ്ദാക്കണമെന്ന് പ്രതിപക്ഷത്തുള്ള ഏതെ ങ്കിലും എം.എൽ.എ.മാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) 1999 ജൂൺ1 മുതൽ ജൂലൈ 7 വരെയുള്ള തീയതികളിൽ മന്ത്രി മാരുടെയും ചീഫ് സെക്രട്ടറിയുടെയും ഉപയോഗത്തിനായി വാഹനങ്ങൾ ഒന്നുംതന്നെ വാങ്ങിയിട്ടില്ല. എന്നാൽ ടൂറിസം വകുപ്പിന്റെ ഉപയോഗത്തിനായി 82.76 ലക്ഷം രൂപക്ക് 15 കാറുകൾ വാങ്ങാൻ ഉത്തരവായിട്ടുണ്ട്.

(ബി)-(ഇ) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

18 (3344) കെ.എസ്.എഫ്.ഇ.യിലെ ഒഴിവുകൾ

ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. വി. ബാലറാം :
ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകു പ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിൽ ജൂനിയർ അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) കെ.എസ്.എഫ്.ഇ.യിൽ മാർച്ച് മാസത്തിൽ നടത്തിയ ബിസി നസ്സ് റിവ്യൂവിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നല്കപ്പെട്ട 300 ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവു വന്ന തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.എഫ്.ഇ.യിൽ നിലവിലുള്ള അസിസ്റ്റന്റുമാരെ ജൂനി യർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ്, സ്പെഷ്യൽ ഗ്രേഡ് അസിസ്റ്റന്റ് എന്നി ങ്ങനെ തരംതിരിച്ച് 7:7:3 എന്ന അനുപാതത്തിൽ നിശ്ചയിച്ചിരിക്കുന്നതിനാൽ പ്രസ്തുത അനുപാതം നിലനിറുത്തുന്നതിനുവേണ്ടി നല്കുന്ന പ്രൊമോഷൻ മൂലം പുതിയ ഒഴിവുകൾ ഉണ്ടാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly